STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.172/PR/SPMC/PHQ/2022 Date:14.09.2022

# ഓണക്കാലത്ത് പോൽ-ആപ്പ് വഴി സുരക്ഷ ഉറപ്പാക്കിയത് 1329 പേർ

ഓണാവധിക്ക് വീട് പൂട്ടി യാത്ര പോവുന്നവർ അക്കാര്യം പോലീസിന്റെ മൊബൈൽ ആപ്പ് വഴി അറിയിക്കണമെന്ന നിർദ്ദേശത്തിന് മികച്ച പ്രതികരണം.

സെപ്റ്റംബർ അഞ്ച് മുതൽ 13 വരെയുള്ള കാലയളവിൽ 1329 പേരാണ് സംസ്ഥാനത്ത് പോലീസിന്റെ മൊബൈൽ ആപ്പ് ആയ പോൽ-ആപ്പ് വഴി തങ്ങൾ വീടുപൂട്ടി യാത്രപോകുന്ന കാര്യം പോലീസിനെ അറിയിച്ചത്. തിരുവനന്തപുരം ജില്ലയിൽ ഇക്കാലയളവിൽ 317 പേർ ഈ സേവനം വിനിയോഗിച്ചു. എറണാകുളം ജില്ലയിൽ 164 പേരും തൃശൂരിൽ 131 പേരും തങ്ങൾ വീട് പൂട്ടി യാത്രപോകുന്ന കാര്യം പോലീസിന്റെ മൊബൈൽ ആപ്പ് വഴി അറിയിക്കുകയുണ്ടായി. കോഴിക്കോട് 129 പേരും കൊല്ലത്ത് 89 പേരും കണ്ണൂരിൽ 87 പേരുമാണ് ഈ സൗകര്യം വിനിയോഗിച്ചത്.

ഓണാവധി കഴിഞ്ഞെങ്കിലും വീടുപൂട്ടി യാത്രപോകുന്നവർക്ക് ആ വിവരം പോലീസിന്റെ മൊബൈൽ ആപ്പ് വഴി അറിയിക്കാൻ തുടർന്നും സൗകര്യമുണ്ടാകും. ഇതിനായി പോൽ-ആപ്പ് എന്ന മൊബൈൽ ആപ്പ് മൊബൈൽ ഫോണിൽ ഇൻസ്റ്റാൾ ചെയ്തതിനുശേഷമാണ് ആവശ്യമായ വിവരങ്ങൾ നൽകേണ്ടത്. പൂട്ടിക്കിടക്കുന്ന വീടിന് സമീപം അധിക സുരക്ഷ ഒരുക്കാനും പട്രോളിംഗ് ശക്തിപ്പെടുത്താനും ഇതുവഴി സാധിക്കും.

*************************